ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷൻ.

(ബി) വാർഡ് കമ്മിറ്റി വിളിച്ചുചേർക്കൽ, വാർഷിക പദ്ധതി നടപ്പാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കൽ, ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങൾ, നഗരാസൂത്രണം, നികുതി പിരിവ്, അക്കൗണ്ടിംഗ്, നൂതന പദ്ധതികൾ നടപ്പാക്കൽ തുടങ്ങി നഗരഭരണവുമായി ബന്ധപ്പെട്ട സമഗ്ര മേഖലകളിലേയും പ്രവർത്തനം വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

(സി) ഈ തെരഞ്ഞെടുപ്പ് നടത്തിയത് 17-9-2001-ലെ സ.ഉ.(സാ) 2886/2001/തസ്വഭവ. പ്രകാരം താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മറ്റിയാണ്.

1. ഗവ. സെക്രട്ടറി (അർബൻ ഡെവലപ്പ്മെന്റ്)—ചെയർമാൻ.
2. ഗവ. സെക്രട്ടറി (റൂറൽ ഡെവലപ്പ്മെന്റ്)—അംഗം.
3. ഗവ. സെക്രട്ടറി (പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ്)—അംഗം.
4. ഗവ. മെമ്പർ (ഡിസെൻട്രലൈസ്ഡ് പ്ലാനിംഗ്-സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്) —അംഗം.
5. ഡയറക്ടർ മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ—അംഗം.
6. ഡയറകടർ പഞ്ചായത്ത് വകുപ്പ്—അംഗം.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം കോർപ്പറേഷനിലെ മെഡിക്കൽ കോളേജ് ഡിവിഷനിൽ വസ്തുനികുതി കുടിശ്ശിക വരുത്തിയവർ

87 [805] ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി മുനിസിപ്പൽ കോർപ്പറേഷന്റെ മെഡിക്കൽ കോളേജ് ഡിവിഷനിൽ 2001 മുതൽ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എത്ര വസ്തു ഉടമസ്ഥരുണ്ട്;

(ബി) പ്രസ്തുത വർഷത്തിന് മുമ്പ്മുതൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർ എത്ര പേരുണ്ട്;

(സി) ഇവരിൽ 4 വർഷം, 5 വർഷം, 6 വർഷം, 7 വർഷം എന്നീ ക്രമത്തിലും അതിൽ കൂടുതലും വസ്തു നികുതി കുടിശ്ശിക വരുത്തിയവർ എത്ര പേരുണ്ട്;

(ഡി) 14-1-2004-ലെ കണക്കനുസരിച്ച് ഇവരിൽ എത്ര പേർക്ക് സ്പെഷ്യൽ നോട്ടീസ് കൊടുത്തിട്ടുണ്ട്;

(ഇ) ഏതു സാഹചര്യത്തിലാണ് സ്പെഷ്യൽ നോട്ടീസ് കൊടുക്കുന്നത്; 2001 മുതൽ കുടിശ്ശിക വരുത്തിയ ആർക്കെല്ലാം സ്പെഷ്യൽ നോട്ടീസ് കൊടുത്തു;

(എഫ്) അതിൽ കൂടുതൽ കുടിശ്ശിക വരുത്തിയവരിൽ ആർക്കെല്ലാം സ്പെഷ്യൽ നോട്ടീസ് കൊടുത്തു;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഏതാനും പേർക്ക് സ്വേച്ഛാപരമായി സ്പെഷ്യൽ നോട്ടീസ് കൊടുക്കുവാനും മറ്റേതാനും പേർക്ക് സ്പെഷ്യൽ നോട്ടീസ് കൊടുക്കാതിരിക്കാനും നോട്ടീസ് നൽകുന്നവർക്ക് തിരുവനന്തപുരം കോർപ്പറേഷനിലെ ബന്ധപ്പെട്ട അധികാരികൾ നിർദ്ദേശം നൽകിയിരുന്നുവോ;

(എച്ച്) ഇല്ലാത്തപക്ഷം ഇപ്രകാരം ഏതാനും പേർക്ക് മാത്രം സ്വേച്ഛാപരമായി സ്പെഷ്യൽ നോട്ടീസ് നൽകുവാനുള്ള പ്രേരണയും കാരണവും എന്തെന്ന് വിശദീകരിക്കുമോ;

(ഐ) ഇത്തരത്തിൽ പ്രവർത്തിച്ച ജീവനക്കാരുടെമേൽ എന്ത് നടപടി സ്വീകരിച്ചു;

(ജെ) ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 150.

(ബി) 270.

(സി) 7 വർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ 75-ഓളം പേരും 5 വർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ നൂറോളം പേരും 4 വർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ 95-ഓളം പേരുമുണ്ട്.

(ഡി) 125.

(ഇ—ജെ) സ്പെഷ്യൽ നോട്ടീസ് നൽകുന്നത് അതാത് സാമ്പത്തിക വർഷത്തിന്റെ ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും അവസാനിക്കുന്ന കാലഘട്ടത്തിലും റവന്യൂ കളക്ഷൻ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്. ആഫീസ് നിർദ്ദേശാനുസരണം മാത്രമാണ് ഇത്തരം കാര്യങ്ങൾ ദൈനംദിന ജോലികളുടെ ഭാഗമായി ടാക്സ് കളക്ട് ചെയ്യുന്ന ജീവനക്കാർ അനുഷ്ഠിച്ചുവരുന്നത്. സ്വേച്ഛാപരമായി ഒരു വ്യക്തിക്കും നോട്ടീസ് നൽകാൻ നിർദ്ദേശിക്കുകയോ അപ്രകാരം ചെയ്യുകയോ ഉണ്ടാകാറില്ല. നികുതി കുടിശ്ശിക യഥാസമയം ഒടുക്കുവാൻ വീഴ്ച വരുത്തിയിട്ടുള്ള ബന്ധപ്പെട്ട കക്ഷികളുടെ വീടുകളിൽ നിരവധി തവണ പോയി നികുതി കുടിശ്ശിക ഒടുക്കുവാൻ നേരിൽ അറിയിച്ചിട്ടും അപ്രകാരം നികുതി ഒടുക്കാത്ത കക്ഷികൾക്കാണ് സ്പെഷ്യൽ നോട്ടീസ് നൽകിവരുന്നത്. ഇതെല്ലാം തന്നെ ദൈനംദിന ഓഫീസ് പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ചെയ്തുവരുന്നത്. കൂടാതെ വളരെ വലിയ തുകകൾ യഥാസമയം ഒടുക്കാതെ വർഷങ്ങളായി കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കും അല്ലാത്തവർക്കും മുൻഗണനാക്രമത്തിലാണ് നോട്ടീസ് നൽകിവരുന്നത്. ഓഫീസിന്റെ നിർദ്ദേശമനുസരിച്ച് മാത്രമെ ജീവനക്കാർ നോട്ടീസ് നൽകാറുള്ളൂ. ആകയാൽ ജീവനക്കാരുടെ മേൽ ഇത്തരം വിഷയവുമായി ബന്ധപ്പെട്ട് യാതൊരുവിധ ശിക്ഷാനടപടിയും സ്വീകരിച്ചിട്ടില്ല. സ്പെഷ്യൽ നോട്ടീസ് നൽകിയത് സംബന്ധിച്ച് യാതൊരു പരാതിയും ലഭിച്ചിട്ടില്ലാത്തതുകൊണ്ട് അതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly